മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പാത്രക്കടവ് ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ട്. എന്നാൽ ഇത് സൈലന്റ്വാലി പദ്ധതിക്ക് പകരമല്ല.

(ബി) ഭാരതപ്പുഴയുടെ പോഷക നദിയായ കുന്തിപ്പുഴയിൽ 'റൺ ഓഫ് ദി റിവർ' സ്കീമായി 70 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

തടയണയുടെ നീളം	..	275 മീറ്റർ
തടയണയുടെ ഉയരം	...	2.45 മീറ്റർ
ജലാശയത്തിന്റെ വിസ്തൃതി	..	4.10 ഹെക്ടർ
ടണലിന്റെ നീളം	..	1500 മീറ്റർ
ടണലിന്റെ വ്യാസം	..	4 മീറ്റർ
പെൻസ്റ്റോക്കിന്റെ നീളം	..	9000 മീറ്റർ
പെൻസ്റ്റോക്കിന്റെ വ്യാസം	..	2.8 മീറ്റർ
ജനറേറ്റർ	..	35x2=70 മെഗാവാട്ട്

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 4 വർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ അനുബന്ധ ജോലികൾക്ക് ഒരു വർഷംകൂടി വേണ്ടിവരും.

(സി) പൂർത്തിയായി.

(ഡി) പ്രതിവർഷം 214 ദശലക്ഷം യൂണിറ്റ്.

(ഇ) പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും സംസ്ഥാന/കേന്ദ്ര വനം വകുപ്പിന്റെയും അനുമതി ആവശ്യമാണ്. ഇവ ഉടനെ ലഭിക്കുകയാണെങ്കിൽ 2006-ൽ പദ്ധതിയുടെ പണി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി സ്വയംപര്യാപ്തത

* 23 [173] ശ്രീ. സി. ടി. അഹമ്മദ് അലി:

,, കെ. കുട്ടി അഹമ്മദ്കുട്ടി:

,, പി. കെ. അബ്ദുറബ്ബ്:

,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ച് വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനായി എത്ര പദ്ധതികൾ ആസൂത്രണം ചെയ്തു;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവയിൽ ഏതെല്ലാം പദ്ധതികളുടെ പണിയാണ് നടന്നു കൊണ്ടിരിക്കുന്നത്;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ട്.

(ബി) പത്താം പഞ്ചവൽസര പദ്ധതി (2002-2007)ക്കാലത്ത് 14 ജലവൈദ്യുത പദ്ധതികളും 4 ജലവൈദ്യുത പദ്ധതികളുടെ വിപുലീകരണവും അടക്കം മൊത്തം 440.35 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇവ കൂടാതെ 161 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു.

(സി ആന്റ് ഡി) പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദ വിവരവും അവ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതിയും ചുവടെ ചേർക്കുന്നു:

പദ്ധതി		*തീയതി*
(1) ലോവർ മീൻമുട്ടി (3.5 MW)	..	2/2005
(2) മലങ്കര (10.5 MW)	..	12/2004
(3) നേര്യമംഗലം എക്സ്റ്റൻഷൻ (25 MW)	..	7/2006
(4) പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW)	..	5/2006
(5) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 MW)	..	5/2007
(6) കുറ്റ്യാടി ടെയിൽ റേസ് (3.75 MW)	..	3/2005
(7) കുറ്റ്യാടി ഓർഗ്മെന്റേഷൻ (223 മില്യൺ യൂണിറ്റ്)	..	3/2005
(8) കുറ്റിയാർ ഡൈവേർഷൻ (37 മില്യൺ യൂണിറ്റ്)	..	4/2005
(9) അഴുത ഡൈവേർഷൻ (57 മില്യൺ യൂണിറ്റ്)	..	7/2004

സ്വാമി ശരണം പ്രോജക്റ്റ്

* 24 [174] ശ്രീ. എ. സുജനപാൽ:

,, എം. പി. ഗംഗാധരൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എൻ. ശക്തൻ:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിഗിരി പ്രോജക്ടിനുവേണ്ടി പമ്പാ ഡാം കെട്ടിയതിന്റെ ഫലമായി ശബരിമല സീസൺ കാലത്ത് ത്രിവേണി സംഗമത്തിൽ ആവശ്യമായ വെള്ളം എത്തിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly